**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3674** **14-07-2022 - ൽ മറുപടിയ്ക്ക്**

**മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ ആരംഭിച്ച മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റിൽ നിന്ന് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഓരോ ആഴ്ചയിലും നിശ്ചിത ദിവസം ഓരോ ബ്ലോക്കുകളിലെയും തിരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രി പരിസരത്ത് ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത ദിവസം സംബന്ധിച്ച കൃത്യമായ അറിയിപ്പ് ചീഫ് വെറ്ററിനറി ഓഫീസർ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ജില്ലയിലുള്ള ടെലി വെറ്ററിനറി യൂണിറ്റുകൾ ജില്ലയിലെ കർഷകരുടെ ആവശ്യമനുസരിച്ചും, ചികിത്സയുടെ പ്രാധാന്യമനുസരിച്ചും വിവിധ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് ബന്ധപ്പെടേണ്ട ഫോൺ നമ്പർ വകുപ്പിന്റെ എല്ലാ മൃഗസംരക്ഷണ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ടെലി വെറ്ററിനറി യൂണിറ്റിൽ മൃഗ ചികിത്സാ, ലാബ് സൗകര്യങ്ങൾ മുതലായവ ലഭ്യമാക്കുന്നുണ്ട്. അനിമൽ ലിഫ്റ്റിങ് മെഷീനും, ഡിജിറ്റൽ എക്സ് റേ മെഷീൻ ഉൾപ്പെടെ അത്യാധുനിക സജ്ജീകരണങ്ങളോട് കൂടിയ നൂതന ചികിത്സാ സംവിധാനമാണ് ഈ പദ്ധതിയിലൂടെ ജനങ്ങളുടെ സേവനത്തിനായി ഉപയോഗിക്കുവാൻ സജ്ജീകരിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത യൂണിറ്റിലേക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പ്രാദേശിക അടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ ജില്ലകളിൽ ഓരോ ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വെറ്ററിനറി സർജൻ, റേഡിയോ ഗ്രാഫർ അറ്റൻഡർ കം ഡ്രൈവർ എന്നീ ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളത്. |
| (സി) | മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റിന്റെ സേവനം പൊതുജനങ്ങൾക്ക് എപ്രകാരമാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 1. ടെലി വെറ്ററിനറി യൂണിറ്റുകളുടെ ചുമതല അതാത് ജില്ലകളിലെ ചീഫ് വെറ്ററിനറി ഓഫീസറിൽ നിക്ഷിപ്തമാണ്. ആവശ്യകത അനുസരിച്ച് ജില്ലയിലെ വിവിധ |

സ്ഥലങ്ങളിൽ ടെലി വെറ്ററിനറി യൂണിറ്റുകൾ ലഭ്യമാക്കേണ്ടത് ടിയാളുടെ ഉത്തരവാദിത്വമാണ്.

2. ആഴ്ചയിൽ നിശ്ചിത ദിവസം ഓരോ ബ്ലോക്കുകളിലെയും തിരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രി പരിസരത്ത് ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത ദിവസം സംബന്ധിച്ച കൃത്യമായ അറിയിപ്പ് ചീഫ് വെറ്ററിനറി ഓഫീസർ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.
3. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് ടി യൂണിറ്റിന്റെ തുടർ വർഷങ്ങളിലേക്കുള്ള സുഗമമായ പ്രവർത്തനത്തിന് വേണ്ടുന്ന പദ്ധതികൾ നടത്തുന്നുണ്ട്.
4. ജനങ്ങളിൽ സേവനം എത്തിക്കുക എന്ന ഉദ്ദേശത്തോടെ പദ്ധതിയിൽ വെറ്ററിനറി സർജൻ, റേഡിയോ ഗ്രാഫർ, ഡ്രൈവർ കം അറ്റന്റൻഡ് എന്നിവരെ തുടർന്ന് കൊണ്ട് പോകുന്നതിനും, അവരുടെ വേതനം, മരുന്നുകൾ, വാഹനം പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനം, വാഹനത്തിന്റെ പരിപാലനം, ഇൻഷുറൻസ്, അറ്റകുറ്റപണികൾ, മുതലായവയ്ക്കുള്ള തുകകൾ കണ്ടെത്തുവാൻ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.
5. ഓരോ യൂണിറ്റിലും ചികിത്സ സംബന്ധമായ രജിസ്റ്ററുകളും അനുബന്ധ രജിസ്റ്ററുകളും പരിപാലിക്കുന്നുണ്ട്.
6. ജില്ലയിലുള്ള ടെലി വെറ്ററിനറി യൂണിറ്റുകൾ ജില്ലയിലെ കർഷകരുടെ ആവശ്യമനുസരിച്ചും, ചികിത്സയുടെ പ്രാധാന്യമനുസരിച്ചും വിവിധ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.
7. ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് ബന്ധപ്പെടേണ്ട ഫോൺ നമ്പർ വകുപ്പിന്റെ എല്ലാ മൃഗസംരക്ഷണ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുവാൻ ആവശ്യം വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.
8. ടെലി വെറ്ററിനറി യൂണിറ്റുകളുടെ സേവനങ്ങൾ, ചികിത്സാ, ലാബ് സൗകര്യങ്ങൾ മുതലായവയ്ക്കുള്ള നിശ്ചിത ഫീസ് ഡിജിറ്റൽ രൂപത്തിൽ (POS, Google Pay പോലുള്ള മറ്റ് രൂപത്തിൽ) മാത്രമേ സ്വീകരിക്കുന്നുള്ളൂ.
9. ടെലി വെറ്ററിനറി യൂണിറ്റ് വഴി കർഷകർക്ക് സേവനം ലഭ്യമാകുമ്പോൾ ആയതിന്

| | | | |
|---|---|---|---|
| | | | കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.<br>10. ടെലി വെറ്ററിനറി യൂണിറ്റ് വഴി കർഷകർക്ക് സേവനം ലഭ്യമാകുമ്പോൾ ചികിത്സാ സംബന്ധമായ വിവരങ്ങൾ MISHA ഫോർമാറ്റിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ